## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1922 — 17/12/2012 - ൽ മറുപടിക്ക്

## മത്സ്യമേഖലയിലെ സാമൂഹ്യ സുരക്ഷാ ചെലവുകൾ

**ചോദ്യം**

ശ്രീ. എസ്. ശർമ്മ:

**മറുപടി**

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) ഈ സർക്കാർ മത്സ്യ മേഖലയിലെ സാമൂഹ്യ സുരക്ഷാ ചെലവുകൾക്കായി ബഡ്ജറ്റിൽ എത്ര രൂപ അനുവദിച്ചു; അതിൽ എത്ര രൂപ ചെലവായി; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(എ) മത്സ്യ മേഖലയിലെ സാമൂഹ്യ സുരക്ഷാ ചെലവുകൾക്കായി ബഡ്ജറ്റിൽ 4892 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 30/11/2012 വരെ യായി 3802 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബഡ്ജറ്റ് 2012-13 (ലക്ഷം) | ചെലവ് ലക്ഷം |
|---|---|---|---|
| 1 | മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് സ്കീം | 30 | - |
| 2 | മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് | 40 | - |
| 3 | പലിശ രഹിത വായ്പ | 250 | 250 |
| 4 | തീരമൈത്രി പദ്ധതി | 815 | - |
| 5 | ഭവന നിർമ്മാണ പദ്ധതി | 1400 | 1400 |
| 6 | സമ്പാദ്യ സമാശ്വാസ പദ്ധതി | 2157 | 2152 |
| 7 | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 200 | - |
| | ആകെ | 4892 | 3802 |

| | | | |
|---|---|---|---|
| (ബി) | സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യ ത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി ഈ സർക്കാർ എത്ര രൂപ ചെലവഴിച്ചു ; | (ബി) | സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി 1,33,96,768 രൂപ ചെലവഴിച്ചു ; |
| (സി) | എത്ര വിദ്യാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | 368 വിദ്യാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ